പതിനാലാം കേരള നിയമസഭ

14-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1315 — 04.02.2019-ൽ മറുപടിക്ക്

## കോന്നിയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പാലങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കോന്നി നിയോജക മണ്ഡലത്തിൽ നിർമ്മിച്ചുവരുന്ന പാലങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | കോന്നി നിയോജക മണ്ഡലത്തിലെ പണി ആരംഭിച്ച 3 പാലങ്ങളുടെ നിർമ്മാണത്തിൽ നിർമ്മാണ കമ്പനിയായ M/s.SERMS കമ്പനിയുടെ ആവശ്യ പ്രകാരം നിർമ്മാണ പ്രവൃത്തികളിൽ മോഡിഫിക്കേഷൻ വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. ജില്ലയിൽ RMF ഫണ്ടിൽ പാലങ്ങളുടെ നിർമ്മാണത്തിനായി തുക നീക്കിയിരിപ്പ് ഇല്ലാത്തതിനാൽ നിലവിൽ നിർമ്മാണ പ്രവൃത്തികൾ നിർത്തി വച്ചിരിക്കുന്നു. |
| (ബി) | 04.10.2018-ലെ സംസ്ഥാന ഉന്നതതല സമിതി കൈക്കൊണ്ട തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന്; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ; | (ബി) & (സി) | 4.10.2018-ലെ സംസ്ഥാന ഉന്നതതല സമിതിയുടെ തീരുമാന പ്രകാരം മലപ്പുറം ജില്ലയിൽ നിന്നും 50 ലക്ഷം രൂപയും പാലക്കാട് ജില്ലയിൽ നിന്നും 43,52,062/- ലക്ഷം രൂപയും തൃശ്ശൂർ ജില്ലയിൽ നിന്നും 50 ലക്ഷം രൂപയും ടി ജില്ലകളിലെ RMF അക്കൗണ്ടുകളിൽ നിന്നും പത്തനംതിട്ട ജില്ലാ കളക്ടറുടെ RMF അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുവാൻ 24.01.2019-ലെ സ.ഉ(സാധാ) നം.256/2019/റവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത തീരുമാനം ഉടൻ നടപ്പിലാക്കുവാൻ നിർദ്ദേശം നൽകുമോ; | | |
| (ഡി) | നിർമ്മിതി കേന്ദ്ര ഉന്നയിച്ചിട്ടുള്ള റേറ്റ്റിവിഷൻ, ഡിസൈൻ ചെയിഞ്ച് എന്നിവയ്ക്ക് ധനകാര്യ വകുപ്പ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ശുപാർശ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | (ഡി) | കരാറുകാരനാണ് ഇത് ഉന്നയിച്ചിട്ടുള്ളത്. ശുപാർശ ലഭിച്ചിട്ടില്ല. |
| (ഇ) | ഇല്ലെങ്കിൽ ആയത് ലഭ്യമാക്കി തുടർ നടപടികൾ പൂർത്തീകരിക്കാൻ നടപടി കൈക്കൊള്ളുമോ; | (ഇ) | നടപടി സ്വീകരിച്ചു വരുന്നു. |
| (എഫ്) | ഇത് സംബന്ധിച്ചുള്ള കോടതി വിധി നടപ്പിലാക്കാൻ നാളിതു വരെ കൈക്കൊണ്ടിട്ടുള്ള തുടർ നടപടികൾ വിശദീകരിക്കുമോ? | (എഫ്) | കോടതിവിധി നടപ്പിലാക്കുന്നതിനായി ജില്ലാ കളക്ടർക്കുള്ള കോടതി നിർദ്ദേശമായ പാർട്ട് ബിൽ പാസ്സാക്കി നൽകിയിട്ടുള്ളതാണ്. മറ്റ് ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**